# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3035 20/06/2014-ൽ മറുപടിക്ക്

<u>പൈതൃക മ്യൂസിയങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി.സി.വിഷ്ണുനാഥ് :
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ. വി.പി.സജീന്ദ്രൻ :

<u>ഉത്തരം</u>

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ സാംസ്കാരിക വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. നിലവിൽ 6 ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് ഇതുവരെ 28 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | നമ്മുടെ പൈതൃകത്തിന്റേയും ചരിത്രത്തിന്റേയും തിരുശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവി തലമുറയ്ക്ക് മനസിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടു കൂടി മ്യൂസിയം സജ്ജീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി മ്യൂസിയങ്ങളുടെ രൂപകല്പനയിലും ദൃശ്യവൽക്കരണത്തിലും ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നമ്മുടെ പാരമ്പര്യം നിലനിർത്തികൊണ്ട് ഭാവിതലമുറയ്ക്ക് പഠിക്കുവാനും മനസ്സിലാക്കുവാനും ഇതു ഉപകരിക്കും. |
| (സി) | ആരുടെയെല്ലാം സഹായത്തോടെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (സി) | ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് പുരാവസ്തുവകുപ്പാണ്. ഇതിന്റെ പണികൾ, മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം വഴിയാണ് നടപ്പിലാക്കുന്നത്. |
| (ഡി) | ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. പാലക്കാട്, പത്തനംതിട്ട ജില്ലകൾ ഒഴിച്ച് ബാക്കി 4 ജില്ലകളിലും, ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ പണികൾ തുടങ്ങികഴിഞ്ഞു. |

Saradadevi

സെക്ഷൻ ഓഫീസർ